# 'ദൈവകൃപയിൽ വളരുക'

2പത്രോസ് 3:18

''കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുവിൻ. അവന്നു ഇപ്പോഴും എന്നെന്നേക്കും മഹത്വം. ആമേൻ''.

ദൈവകൃപ രുചിച്ചറിയുവാൻ കഴിയുന്നത് ഒരു വ്യക്തിയുടെ ജീവിതത്തിലെ അസുലഭമായ ഭാഗ്യമാണ്. ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധികളായി അധികാരം പേറുന്നവർ എന്ന് അഭിമാനിക്കുന്നവർക്ക് ആർക്കും ഈ ദൈവകൃപ ദാനം ചെയ്യുവാൻ കഴിയുകയില്ല. അത്യുന്നതനായ ദൈവത്തിനു മാത്രം നൽകാനാവുന്നതും, താൻ തിരഞ്ഞെടുത്തവർക്കു ധരാളമായി നൽകുന്നതുമായ ദൈവീകദാനമാണ് കൃപ. ഈ വിശിഷ്ടമായ ദാനം ഒരിക്കൽ പ്രാപിച്ചാൽ അത് ആത്മീയജീവിതത്തിന്റെ അവസാന പടിയായി കണക്കാക്കുന്നവരാണ് പല വ്യക്തികളും. എന്നാൽ വചനം നമ്മെ പഠിപ്പിക്കുന്നതോ ''കൃപയിലും പരിജ്ഞാനത്തിലും അനുദിനം വളരുവീൻ'' എന്നാകുന്നു. ഈ സത്യം നാം പലപ്പോഴും വിസ്മരിച്ചു പോകുന്നു.

അനുദിനം ഉയരുന്ന വെല്ലുവിളികളെ നേരിടുവാനും കർത്താവിനുവേണ്ടി ഫലപ്രദമായി പ്രവർത്തിക്കുവാനും കഴിയണമെങ്കിൽ നാം ദൈവകൃപയിൽ വളരണം. ക്രിസ്തുവിനെക്കുറിച്ചും അവന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ഗവേഷണം നടത്തി പരിജ്ഞാനം വർദ്ധിപ്പിക്കുവാൻ അല്ല, മറിച്ച് കർത്താവിന്റെ സ്വഭാവത്തിൽ അവന്റെ തലയോളം വളരുവാൻ നമുക്ക് കഴിയണം. ഓരോ ദിവസവും ദൈവസ്വഭാവത്തിലേക്ക് കൂടുതലായി അലിഞ്ഞുചേരുമ്പോൾ ദൈവം നമുക്ക് ദാനമായി തരുന്ന കൃപയിലും കർത്താവിന്റെ പരിജ്ഞാനത്തിലും നാം വളരുകയായി.

പലപ്പോഴും ദൈവകൃപ അനുഭവിക്കുന്നുവെന്ന് നാം അഭിമാനിക്കുമ്പോൾ ആ കൃപയിൽ വളരുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ എന്നു നാം സ്വയം പരിശോധിക്കണം. നമ്മുടെ പോരായ്മകളെ തിരിച്ചറിയുവാനും അതിനെയൊന്ന് ക്രമപ്പെടുത്തുവാനും സാധിക്കുന്നെങ്കിൽ നമുക്ക് അവന്റെ കൃപയിൽ വളരുവാൻ സാധിക്കും. അതിനായി കർത്താവു നമ്മെ ഓരോരുത്തരെയും സഹായിക്കട്ടെ.

പരാമർശം :

എഫെസ്യർ 2:8

കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു.

സിസ്റ്റർ ജെയ്മി ബിജു കോതമംഗലം 01